കൃഷിനാശവും നികുതിയിളവും.

* 1021. [54] ശ്രീ. പി. കെ. ചാത്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തു പുഞ്ചക്കൃഷി, കൊല്ലംതോറും വെള്ളപ്പൊക്കം കൊണ്ടു നശിച്ചുകൊണ്ടിരിക്കുന്നതായി ഏതെല്ലാം സ്ഥലങ്ങളിൽ നിന്നു വിവരം കിട്ടിയിട്ടുണ്ട്;

(ബി) മുകുന്ദപുരം താലൂക്കിൽ മരിയാട്ടു കായലകത്തു അങ്ങനെ സംഭവിച്ചുകൊണ്ടിരിക്കുന്നതായി പരാതി കിട്ടിയിട്ടില്ലേ;

(സി) ഇക്കഴിഞ്ഞ പുഞ്ചക്കൃഷി വിളവെടുക്കാറായപ്പോൾ എത്ര പറയ്ക്കു് മുങ്ങിപ്പോയിട്ടുണ്ടെന്നും, അങ്ങനെ കൃഷിക്കാർക്കു ആകെ എന്തു നഷ്ടം സംഭവിച്ചിരിക്കുമെന്നും ഗവണ്മെൻറ് കണക്കാക്കിയിട്ടുണ്ടോ, ഉണ്ടെങ്കിൽ എന്തു നടപടി നടത്തി;

(ഡി) വിളവു നശിച്ചവർക്കു് നികുതി ഇളവു അനുവദിച്ചുകൊണ്ടു് കല്പന പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഇ) ഈ കായലകത്തു കൃഷിക്കാരുടെ രക്ഷയ്ക്കു് എന്തെല്ലാം നടപടികൾ ഗവണ്മെൻറ് എടുത്തിട്ടുണ്ടു്; ഇതു സംബന്ധിച്ചു് പൊതുജനങ്ങളുടേയും പഞ്ചായത്തിൻറേയും വകയായി സമർപ്പിച്ചിട്ടുള്ള നിവേദനങ്ങളിലെ പ്രധാന ആവശ്യങ്ങൾ എന്തെല്ലാമെന്നും, അവയിൽ എന്തൊക്കെ നടപ്പാക്കിയെന്നും, ഇല്ലെങ്കിൽ കാരണമെന്താണെന്നും വ്യക്തമാക്കുമോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) കൊല്ലംതോറും പുഞ്ചക്കൃഷി വെള്ളപ്പൊക്കം കൊണ്ടു് നശിച്ചുകൊണ്ടിരിക്കുന്നതായി ഒരു സ്ഥലത്തുനിന്നും റിപ്പോർട്ടു് കിട്ടിയിട്ടില്ല.

(ബി) കൊല്ലംതോറും നാശംസംഭവിക്കുന്നതായി പരാതി കിട്ടിയിട്ടില്ല, എങ്കിലും കഴിഞ്ഞ പുഞ്ചക്കൃഷിക്കു് മരിയാട്ടു് കായലകത്തു് നാശം സംഭവിച്ചതായി പരാതി കിട്ടിയിട്ടുണ്ടു്.

(സി) ഉദ്ദേശം 2996 പറയ്ക്കു് (375 ഏക്കർ) കൃഷി നാശപ്പെട്ടിട്ടുണ്ടെന്നും, അതുമൂലം ഉദ്ദേശം 75,000 ഉറുപ്പികയുടെ നഷ്ടം സംഭവിച്ചിട്ടുണ്ടെന്നുമാണു് റിപ്പോർട്ടു് കിട്ടിയിരിക്കുന്നതു്.

നികുതി ഇളവുചെയ്തു കൊടുക്കുന്നതിനു് ലിസ്റ്റു് തയ്യാറാക്കിവരുന്നു.

(ഡി) കല്പന പുറപ്പെടുവിച്ചു കഴിഞ്ഞിട്ടില്ല.

(ഇ) പരാതി ഹർജികളെപ്പറ്റിയും മറ്റു നിവേദനങ്ങളെ സംബന്ധിച്ചും അന്വേഷണം നടത്തി വരികയാണു്. നികുതിയിളവിനാണു് അപേക്ഷിച്ചിട്ടുള്ളതു്. റെമിഷൻ ലിസ്റ്റു് തയ്യാറാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly